

TUESDAY 17/02/2026 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** SINDHU. K S **Editor:** Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/02/2026

1. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെയും കേരളസർക്കാരിന്റെയും ആഭിമുഖ്യത്തിൽ കേരള കാർഷിക സർവ്വകലാശാല 2026 ഫെബ്രുവരി 18 മുതൽ 22 വരെ വെള്ളാനിക്കരയിലുള്ള സെൻട്രൽ ക്യാമ്പസിൽ വച്ച് "ദക്ഷിണ മേഖല കാർഷിക മേള 2025 – 26"സംഘടിപ്പിക്കുന്നു. നല്ല നാളെക്കായി സ്മാർട്ട്കൃഷി: അതിജീവനം സാങ്കേതികവിദ്യകളിലൂടെ (Agri-next: Smart, resilient and sustainable farming) എന്നതാണ് ഈ മേളയുടെ പ്രമേയം. കേരളം ഉൾപ്പെടെ ദക്ഷിണേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ കാർഷിക സർവ്വകലാശാലകൾ, ലക്ഷദ്വീപിലെയും ദക്ഷിണേന്ത്യയിലെയും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, ഐ. സി. എ. ആർ. ഗവേഷണ സ്ഥാപനങ്ങൾ, സംസ്ഥാന കൃഷി വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങൾ പങ്കെടുക്കുന്നു. അഗ്രി ബിസിനസ്സ് സ്ഥാപനങ്ങൾ, ബാങ്കുകൾ, അഗ്രിടെക് സ്റ്റാർട്ടപ്പുകൾ എന്നിവർക്ക് ഉത്പന്നങ്ങൾ പ്രദർശിപ്പിക്കാൻ മുൻകൂട്ടി സ്റ്റാളുകൾ ബുക്ക് ചെയ്യാവുന്നതാണ്. എ.സി. സ്റ്റാളുകൾക്ക് ₹25,000/ രൂപയും നോൺ എ.സി. സ്റ്റാളുകൾക്ക്₹10,000/ രൂപയുമാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. താല്പര്യമുള്ളവർക്ക്

കൺവീനർ 9847335759, 9544211144എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് siraf@kau.in എന്ന ഇ മെയിൽ വഴിയോ 9497412447, 04872370150 എന്ന നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

2. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഴവർഗ്ഗ പോഷകത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള കാമ്പയിൻ 2026 ഫെബ്രുവരി മുതൽ ആരംഭിക്കുന്നു. 14 ജില്ലകളിലുമായി 4500 പഴവർഗ്ഗ പോഷകത്തോട്ട യൂണിറ്റുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാന കൃഷിവകുപ്പിന്റെ "പോഷക സമൃദ്ധി മിഷന്റെ ഭാഗമായി, ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കി വരുന്ന "രാഷ്ട്രീയ കൃഷിവികാസ് യോജന പഴവർഗ പോഷകതോട്ട പദ്ധതി"യിൽ ഉൾപ്പെടുത്തിയാണ് ഈ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ഒരു സ്ഥാപനത്തിനു പരമാവധി 5 യൂണിറ്റുകൾ വരെ (50 സെന്റ്) അനുവദിക്കും. മാവ്, പ്ലാവ്, പപ്പായ, പേര, നെല്ലി, സപ്പോട്ട, റംബൂട്ടാൻ പാഷൻ ഫ്രൂട്ട്, നാരകം, വെസ്റ്റ് ഇന്ത്യൻ ചെറി, തുടങ്ങി ഓരോ പ്രദേശത്തിനും അനുയോജ്യമായ പഴവർഗ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇനങ്ങൾ പോഷകത്തോട്ടങ്ങളിൽ ഉൾപ്പെടുത്തും. ഇതിനാവശ്യമായി വരുന്ന പഴവർഗ തൈകൾ സൗജന്യമായി വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് ജില്ലകളില ഹോർട്ടിക്കൾച്ചർ മിഷനുമായോ കൃഷിഭവനുകളുമായോ ബന്ധപ്പെടാവുന്നതാണ്.

3. റബ്ബർബോർഡിന്റെ കോട്ടയത്തെ കേന്ദ്രഓഫീസിലെ ഹിന്ദി വിഭാഗത്തിൽ 'ട്രാൻസ്ലേഷൻ ട്രെയിനി'യെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ടെസ്റ്റ്/ഇന്റർവ്യൂ നടത്തുന്നു. അപേക്ഷകർ ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഹിന്ദിയിൽ ബിരുദാനന്തരബിരുദവും ഹിന്ദി ട്രാൻസ്ലേഷനിൽ പി.ജി. ഡിപ്ളോമയും ഉള്ളവരായിരിക്കണം. അപേക്ഷകർക്ക് 2026 ജനുവരി 01ന് 30 വയസ്സ് കവിയരുത്. താൽപര്യമുള്ളവർ വയസ്സ്, വിദ്യാഭ്യാസയോഗ്യത തുടങ്ങിയവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ അസൽ രേഖകളും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി കോട്ടയത്തുള്ള കേന്ദ്രഓഫീസിലെ ഹിന്ദി വിഭാഗത്തിൽ 2026 ഫെബ്രുവരി 18ന് രാവിലെ 10.30ന് ടെസ്റ്റ്/ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് വെബ് സൈറ്റ് (www.rubberboard.gov.in)

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സന്ദർശിക്കുകയോ 9745759444 എന്ന ഫോൺനമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

## പരിശീലന പരിപാടി

4. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "Participatory Rural Appraisal" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2026 മാർച്ച് 6 ന് ആരംഭിക്കുന്നു. കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കില് ക്ലിക്ക് ചെയ്ത് രജിസ്റ്റര് ചെയ്യാം. മാർച്ച് 16 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല.20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനല് പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. രജിസ്റ്റര് ചെയ്തവർക്ക് മാർച്ച് 6 മുതല് യൂസര് ഐ ഡി

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളില് പങ്കെടുക്കാം. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487–2438566.

5. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ "പോത്ത് വളർത്തൽ എന്ന വിഷയത്തിൽ 20/02/2026 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491–2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ 10.00 AM മുതൽ 5.00 PM വരെയുള്ള സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.